**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 534** **09-11-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകന്ദൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട്, അവരുടെ സാമ്പത്തിക-വിദ്യാഭ്യാസ-സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും, കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ട് വിനിയോഗിച്ച് മത ന്യൂനപക്ഷ ത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് വേഗത്തിൽ വായ്പ ലഭിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ; | (ബി) | വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് നിലവിൽ കോർപ്പറേഷൻ യാതൊരുവിധ വായ്പാ പദ്ധതിയും നടപ്പിലാക്കുന്നില്ല. എന്നാൽ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി സംരംഭകർക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും. |
| (സി) | പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള വായ്പ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (സി) | കോർപ്പറേഷന്റെ ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച |

| | | | |
|---|---|---|---|
| | | | പ്രൊഫഷണൽ /ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

## സ്വയം തൊഴിൽ വായ്പ

പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങൾക്കായി സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പരമാവധി 15 ലക്ഷം രൂപയും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) പരമാവധി 30 ലക്ഷം രൂപയും അനുവദിച്ച് വരുന്നു.

## വിദ്യാഭ്യാസ വായ്പ

ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രൊഫഷണൽ / ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പിന്നാക്ക / മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 30 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചുവരുന്നു. ക്കുന്നതാണ്.

## റീ-ടേൺ

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി സംരംഭകർക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി നോർക്കാ റൂട്ട്സിന്റെ ശുപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. ടി പദ്ധതി പ്രകാരം പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നോർക്കാ റൂട്ട്സ് അനുവദിക്കും.

## സ്റ്റാർട്ട്-അപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി വിഭാഗം പ്രൊഫഷണലുകൾക്ക് വേണ്ടി ആരംഭിച്ച സ്റ്റാർട്ട്-അപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

## റീ-ലൈഫ്

താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി. കുടുംബങ്ങൾക്ക് വേണ്ടി ആരംഭിച്ച "റീ-ലൈഫ്" വായ്പാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ വായ്പ ലഭിക്കുന്നതാണ്. വായ്പാ തുകയുടെ 50% (പരമാവധി 25,000/- രൂപ) മൂലധന സബ്സിഡി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

## മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന

കോർപ്പറേഷൻ പ്രാമുഖ്യം നൽകിവരുന്ന വായ്പാ പദ്ധതിയാണ് മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിയിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് കുടുംബശ്രീ സി.ഡി.എസ്സ് / തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന പരമാവധി 3 കോടി രൂപ 3% മുതൽ 4% വരെ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

## ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ വായ്പാ പദ്ധതികൾ

ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ശുചീകരണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, അവരുടെ ആശ്രിതരായ കുടുംബാംഗങ്ങൾ എന്നിവർക്ക് കോർപ്പറേഷൻ മുഖേന പരമാവധി 3 കോടി രൂപ വരെ മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന വായ്പാ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ശുചീകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ വായ്പ അനുവദിച്ചുവരുന്നു.

**കോർപ്പറേഷൻ തനത് ഫണ്ട്**

ദേശീയ ഏജൻസികളുടെ ഫണ്ടിന് പുറമേ കോർപ്പറേഷന്റെ തനത് ഫണ്ട് വിനിയോഗിച്ചും വിവിധ വായ്പാ പദ്ധതികൾ അനുവദിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വിവാഹ വായ്പ**

ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിന് 6% പലിശ നിരക്കിൽ പരമാവധി 2 ലക്ഷം രൂപ വായ്പ അനുവദിച്ചു വരുന്നു.

**സുവർണ്ണശ്രീ വായ്പ**

താഴന്ന വരുമാനക്കാരായ ഒ.ബി.സി / മതന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിന് 8% പലിശ നിരക്കിൽ പരമാവധി 3 ലക്ഷം രൂപ വായ്പ അനുവദിച്ചു വരുന്നു.

**വിദ്യാശ്രീ വായ്പ**

ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ദേശീയ ഏജൻസി പദ്ധതികൾ വഴി വായ്പ ലഭ്യമല്ലാത്ത ഹ്രസ്വകാല ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് 6% പലിശ നിരക്കിൽ പരമാവധി 3 ലക്ഷം രൂപ വായ്പ അനുവദിച്ചുവരുന്നു.

**"എന്റെ വീട്" ഭവന നിർമ്മാണ വായ്പ**

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവന രഹിതർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 വിഭാഗങ്ങളായി തിരിച്ച് 1,20,000/- രൂപ വരെ വരുമാനമുള്ളവർക്ക് 6.5% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വരെയും 1,20,000/- മുതൽ 3 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് 7% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെയും വായ്പയായി നൽകുന്നു.

**ഭവന പുനരുദ്ധാരണ വായ്പ**

നിലവിലുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിനായി 'സ്വസ്ഥ ഗൃഹ' എന്ന പേരിൽ 9% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ വായ്പ അനുവദിച്ചുവരുന്നു.

**വാഹന വായ്പ**

ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലെ ഇടത്തരം വരുമാനക്കാർക്ക് 8% പലിശ നിരക്കിൽ പരമാവധി 8 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

**വ്യക്തിഗത വായ്പ**

ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് 9.5% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

## അനുബന്ധം 2

| ഏജൻസി | കുടുംബ വാർഷിക വരുമാനം | പരമാവധി വായ്പാ തുക | | പലിശ നിരക്ക് |
|---|---|---|---|---|
| | | ഇന്ത്യയ്ക്കകത്ത് | വിദേശത്ത് | |
| ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) | 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാന മുള്ളവർക്ക് | 15 ലക്ഷം | 20 ലക്ഷം | പെൺകുട്ടികൾക്ക് - 3.5%<br>ആൺകുട്ടികൾക്ക് - 4% |
| ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) (Credit line I) | (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗര ങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം | 20 ലക്ഷം | 3% |
| ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) (Credit line II) | 6 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാന മുള്ളവർക്ക്) | 20 ലക്ഷം | 30 ലക്ഷം | വനിതകൾക്ക് - 5%<br>പുരുഷൻമാർക്ക് - 8% |

- ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ദേശീയ ഏജൻസി പദ്ധതികൾ വഴി വായ്പ ലഭ്യമല്ലാത്ത ഹ്രസ്വകാല ടെക്നിക്കൽ / വൊക്കേഷണൽ കോഴ്സുകൾക്ക് പഠിക്കുന്നതിന് 6% പലിശ നിരക്കിൽ പരമാവധി 3 ലക്ഷം രൂപ വരെ വായ്പ അനുവദിച്ചുവരുന്നു.
- വിദ്യാഭ്യാസ വായ്പയുടെ പ്രായപരിധി 16 – 32 വയസ്സാണ്.

വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച് ആവശ്യമുള്ള രേഖകൾ ലഭ്യമാക്കുന്ന പക്ഷം 30 ദിവസത്തിനകം തന്നെ വായ്പ വിതരണം ചെയ്യുന്നതിനായി 23/02/2013 -ൽ കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുള്ള സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.